**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3363** **08-10-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (എ) | 2025 - 26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആർകിടെക്ട് മുഖേന ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് പി. ഡബ്ല്യൂ.ഡി.യിൽ നിന്ന് ലഭ്യമാക്കിയ, കെ.എച്ച്.ആർ.ഐ തയ്യാറാക്കിയ പാലത്തിന്റെ പ്രാഥമിക അവലോകന റിപ്പോർട്ട് പ്രകാരം പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയാൽ മാത്രമേ ഈ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. തുടർന്ന് പ്രസ്തുത പാലം പുനരുദ്ധാരണം നടത്തി മേൽ പ്രവൃത്തിയ്ക്ക് യോഗ്യമാക്കി നൽകുവാൻ സാധിക്കുമോ എന്ന വിവരം പരിശോധിച്ച് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ